KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 59/PR/PIC/PHQ/18 Date : 09.03.2018

---

**ആശുപത്രികൾക്കും ഡോക്ടർമാർക്കുമെതിരേയുള്ള അതിക്രമങ്ങൾ - ശക്തമായ നടപടിക്ക് നിർദ്ദേശം**

സംസ്ഥാനത്ത് ആശുപത്രികൾക്കും ഡോക്ടർമാർക്കുമെതിരെയുണ്ടാകുന്ന അതിക്രമങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. ഈയിടെ നാദാപുരം, കൊടുങ്ങല്ലൂർ, നെടുംങ്കണ്ടം, കൊട്ടാരക്കര, ചേർത്തല തുടങ്ങി വിവിധ പ്രദേശങ്ങളിൽ ആശുപത്രികൾക്കും ഡോക്ടർമാർക്കും എതിരെ അതിക്രമങ്ങൾ ഉണ്ടായ സാഹചര്യത്തിലാണ് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയത്.

ഇത്തരം അക്രമങ്ങൾ സ്തോഭജനകമായ അന്തരീക്ഷം സൃഷ്ടിക്കുകയും ഡോക്ടർമാരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ഇത്തരത്തിൽ അതിക്രമം നടത്തുന്നവർക്കെതിരെ 2012 ലെ കേരള ആരോഗ്യരക്ഷാ സേവനപ്രവർത്തകരും ആരോഗ്യരക്ഷാസേവനസ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട് പ്രകാരമുള്ള ശക്തമായ നിയമനടപടി സ്വീകരിക്കണം. ഈ കേസുകൾ ജില്ലാ പോലീസ് മേധാവിമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അന്വേഷിച്ച് യോഗ്യരായ അന്വേഷണ ഉദ്യോഗസ്ഥരെക്കൊണ്ട് നടപടി സ്വീകരിക്കണമെന്നും അദ്ദേഹം നിർദ്ദേശം നൽകി.

**********************